**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2801** **06-10-2025 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | പുതുതലമുറ ബാങ്കുകൾ നൽകുന്ന ഏതൊക്കെ സേവനങ്ങളാണ് കേരള ബാങ്ക് ഉപഭോക്താക്കൾക്ക് നൽകുന്നതെന്ന് വിശദമാക്കാമോ? | (എ) | കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും കുറഞ്ഞ നിരക്കിൽ വാണിജ്യ സ്വകാര്യ ബാങ്കുകൾ നൽകുന്ന എല്ലാ നൂതന ബാങ്കിംഗ് സേവനങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടയാണ് സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ചു കൊണ്ട് കേരള ബാങ്ക് രൂപീകരിച്ചിട്ടുള്ളത്.<br><br>സഹകരണ മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനും, RTGS, NEFT, IMPS, UPI മൊബൈൽ ബാങ്കിംഗ് തുടങ്ങിയ ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>നിലവിൽ കേരള ബാങ്ക് ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം പൂർത്തീകരിക്കുകയും, ബാങ്കിന്റെ ഡിജിറ്റൽ സേവനങ്ങൾ ഇടപാടുകാരിലേക്ക് എത്തിക്കുന്നതിനായി **KB Prime** കൂടാതെ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ഉപയോഗിക്കുന്നതിനായി **KB Prime Plus** എന്നീ മൊബൈൽ ബാങ്കിംങ് ആപ്ലിക്കേഷനുകളും പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. ആധുനിക ബാങ്കിംഗ് സംവിധാനങ്ങളായ IMPS, NEFT, RTGS, Mobile Banking, UPI, NACH, ATM, Micro ATM എന്നിവയിലൂടെ ഇടപാടുകൾ നടത്തുവാൻ നിലവിൽ സാധിക്കുന്നതാണ്. കൂടാതെ UPI സംവിധാനത്തിലൂടെ Google Pay, Phone Pay, Paytm ഇടപാടുകൾ നടത്തുന്നതിനുള്ള സംവിധാനവും പ്രവർത്തന സജ്ജമാക്കിയിട്ടുള്ളതാണ്. ഇടപാടുകാർക്ക് BBPS സംവിധാനത്തിലൂടെ ബില്ലുകൾ അടയ്ക്കുന്നതിനുള്ള സംവിധാനവും മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ